# പതിനാലാം കേരളനിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1940** — **07.03.2017-ൽ മറുപടിക്ക്**

## ചുവപ്പ് മുണ്ട് ഉടുത്തതിന്റെ പേരിൽ ആക്രമണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. കുഞ്ഞിരാമൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കാഞ്ഞങ്ങാട് പറക്കളായി ആയുർവേദ മെഡിക്കൽ കോളേജിലെത്തിയ സിനിമാ-നാടക പ്രവർത്തകരെ ചുവപ്പ് മുണ്ട് ഉടുത്തതിന്റെ പേരിൽ ആക്രമിച്ച് ഗുരുതരമായി പരുക്കേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 04.01.2017 തിയതി വൈകി 6.30 മണിയ്ക്ക് വേളൂർ ഗ്രാമത്തിൽ പറക്കളായി എന്ന സ്ഥലത്ത് ആയുർവേദ കോളേജിന്റെ ലേഡീസ് ഹോസ്റ്റലിന് സമീപം വച്ച് ജെഫ്റിൻ ജെറാൾഡ് എന്ന പരാതിക്കാരനും മറ്റ് 4 സുഹൃത്തുക്കളും കൂടി ഹോസ്റ്റൽ വാർഡനായി ജോലി ചെയ്യുന്ന കൂടെയുള്ള സുഹൃത്തിന്റെ അമ്മയോട് സംസാരിച്ച് നിൽക്കേ കണ്ടാലറിയാവുന്ന 20-ഓളം പ്രതികൾ സംഘം ചേർന്ന് അന്യായക്കാരനെ തടഞ്ഞ് നിർത്തി മർദ്ദിച്ചത് സംബന്ധിച്ച് കാസർഗോഡ്, അമ്പലത്തറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 5/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ പിടികൂടാനുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സിൽ 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. 1) ശ്രീജിത്ത് S/o. രാമചന്ദ്രൻ, 2) ചന്ദ്രപ്രകാശ്, S/o. കെ.വി വിജയകുമാർ, 3) വിനു കെ., S/o. കല്ലറൻ 4) രിജീഷ് കെ., S/o. ഭാസ്കരൻ, 5) സുജിത്ത്. S/o സുധാകരൻ, 6) ദിലീപ് വി.കെ., S/o. നാരായണൻ ടി കേസ് അന്വേഷണം പൂർത്തിയാക്കി 30.01.2017ൽ കുറ്റപത്രം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ